മസൂരിഫോസിന്റെ ദൗർലഭ്യം

143 (1198) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. കെ. എം. മാണി :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മസൂരിഫോസിന്റെ ദൗർലഭ്യംമൂലം കാർഷികമേഖല പ്രതിസന്ധിയിലാണെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രതിവർഷം എത്ര ടൺ ഫോസ്ഫറസ് വളം സംസ്ഥാനത്തിന് ആവശ്യമുണ്ടെന്നും ഇപ്പോൾ എത്ര ലഭിക്കുന്നുണ്ടെന്നും അറിയിക്കാമോ ;

(സി) ഇറക്കുമതി ചെയ്യുന്ന ഇത്തരം വളങ്ങളുടെ ദൃഷ്യവശങ്ങളെപ്പറ്റി പഠിച്ച് റിപ്പോർട്ട് നൽകാൻ കേന്ദ്രസർക്കാർ നിയമിച്ചിരുന്ന സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ ?

ഉത്തരം

(എ) മസൂരിഫോസിന്റെ നിർമ്മാണം ചില സാങ്കേതിക കാരണത്താൽ കമ്പനി നിറുത്തിവച്ചിരിക്കുകയാണെങ്കിലും ഫോസ്ഫേറ്റ് വളങ്ങളായ സൂപ്പർഫോസ്, റോക്ക്ഫോസ് മുതലായവ ലഭ്യമായതിനാൽ കാർഷിക മേഖലയിൽ പ്രതിസന്ധിയൊന്നുമുണ്ടായിട്ടില്ല.

(ബി) ഓരോ വർഷവും ആവശ്യമായ വളത്തിന്റെ അളവ് കണക്കാക്കുന്നത് മുൻകൊല്ലങ്ങളിൽ ഏറ്റവും കൂടുതൽ ഉപയോഗിച്ച വർഷത്തിൽനിന്നും 10% കൂടിയാണ്. 1998-1999 ൽ 206957 മെട്രിക് ടണ്ണും 1999-2000 വർഷത്തിൽ ഏപ്രിൽ മുതൽ സെപ്റ്റംബർ വരെ 121965.790 മെ. ടൺ വളവും യഥാർത്ഥത്തിൽ ഉപയോഗപ്പെടുത്തി.

(സി) പ്രസ്തുത സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടില്ലാത്തതിനാൽ സംസ്ഥാനത്തിനുണ്ടാകുന്ന ഹാനി എന്തൊക്കെയാണെന്ന് അറിയില്ല.

കൃഷി നശിച്ചുപോയ കർഷകർക്ക് നഷ്ടപരിഹാരം

144 (1199) ശ്രീ. എം. പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്നത്തുനാട് നിയോജകമണ്ഡലത്തിൽപ്പെട്ട കടംപ്രയാറിൽ കിൻഫ്രാ മൺബണ്ട് കെട്ടിയതുമൂലം കൃഷി നശിച്ചുപോയ കർഷകർക്ക് നഷ്ടം സംഭവിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത കൃഷിക്കാർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ നഷ്ടപരിഹാരം നൽകുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly